(എഫ്) 4 ബേ ഗ്യാരേജിന്റെയും വെയിറ്റിംഗ് ഷെഡ്ഡിന്റെയും വാട്ടർ ടാങ്കിന്റെയും പണി പൂർത്തിയായിട്ടുണ്ട്. ഗ്യാരേജിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ പണി പുരോഗമിച്ചു വരുന്നു. ഓഫീസ് കെട്ടിടത്തിന്റെ പണി തുടങ്ങിയിട്ടില്ല.

(ജി) പഞ്ചായത്തു കമ്മിറ്റികൾ ഏറ്റെടുത്ത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കെ.എസ്.ആർ.ടി.സി.ക്ക് കൈമാറിയതിനുശേഷം മാത്രമേ ഡിപ്പോയുടെ പ്രവർത്തനം തുടങ്ങാൻ കഴിയുകയുള്ളൂ.

73 (365) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച കരാർ എന്നാണ് ഒപ്പ് വച്ചത്;

(ബി) പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത കരാർ പ്രകാരം ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണ വ്യവസ്ഥകൾ എന്നേയ്ക്ക് നടപ്പിലാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതിയ ശമ്പള പരിഷ്കരണക്കരാർ 13.4.99-ൽ ഒപ്പ് വച്ചു.

(ബി) ജീവനക്കാരുടെ നിലവിലുള്ള ശമ്പളം 15 മുതൽ 20 ശതമാനം വരെ വർദ്ധിക്കുന്നതിനാവശ്യമായ വ്യവസ്ഥകളാണ് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പ്രതിവർഷം പതിനഞ്ച് പൊതു അവധികളും ഒരു പ്രാദേശിക അവധിയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ്, ലീവ് സറണ്ടർ, യാത്രപ്പടി, ക്ഷാമബത്ത തുടങ്ങിയ ആനുകൂല്യങ്ങൾ ഗവൺമെന്റ് ജീവനക്കാർക്ക് അനുവദിക്കുന്ന തോതിൽ ലഭ്യമാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി)&(ഡി) ശമ്പള വർദ്ധന നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

(ഇ) കരാർ അനുസരിച്ചുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

74 (366) ഡിപ്പോ വാച്ചർ തസ്തിക

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ഡിപ്പോ വാച്ചർ തസ്തികയിൽ തൃശ്ശൂർ ജില്ലയിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകി;

LIBRARY ARCHIVES Kerala Legislative Assembly